**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307


**നടപടിക്രമം**

വിദ്യാഭ്യാസം - സാങ്കേതികം - ബഹു:കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൻറെ 04.03.2021 ലെ O.A. No.934/2019 ലെ ഉത്തരവ് - മൊഗ്രാൽപുത്തൂർ സർക്കാർ ടെക്നിക്കൽ ഹൈ സ്കൂളിലെ നൈറ്റ് വാച്ച് മാൻ ശ്രീ ഉദയകുമാർ കെ - ട്രേഡ്സ്മാൻ (ഫിറ്റിംഗ്) തസ്തികയിലേക്ക് തസ്തിക മാറ്റം വഴി നിയമനം നൽകുന്നത് - വിധി നടപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു:-

---

ജീവനക്കാര്യം (ബി). - വിഭാഗം

നം: EB3/21408/19/ഡി.ടി.ഇ  തിരുവനന്തപുരം , തീയതി: 06.06.2021

---

വായന:- 1. ജി.ഓ.(പി) നം.503/2012/ഉ.വി.വ തീയതി: 12.10.201.

2. ബഹു: കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൻറെ 04.03.2021 ലെ OA No .934/2019 നമ്പർ അപേക്ഷയിലെ ഉത്തരവ് .

3. ഈ കാര്യാലയത്തിലെ 03.06.2019 ലെ EB3/29231/17/ഡി.ടി.ഇ നമ്പർ സർക്കുലർ

4. ഈ കാര്യാലയത്തിലെ 03.06.2019 ലെ EB3/2923/17/ഡി.ടി.ഇ നമ്പർ ഉത്തരവ്

5. ഈ കാര്യാലയത്തിലെ 01.03.2021, 04.02.2021 ലെ ഇജി3/ 33707/2020 നമ്പർ സർക്കുലർ

**ഉത്തരവ്**

(1) വായന (1) പ്രകാരം 12.10.2012 പ്രാബല്യത്തിൽ നിലവിൽ വന്ന കേരള സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ സബോർഡിനേറ്റ് സർവീസ് റൂൾസ് അനുസരിച്ച് ഈ വകുപ്പിലെ ട്രേഡ്സ്മാൻ തസ്തികയിലേക്ക് തസ്തികമാറ്റ നിയമനം നടത്തുന്നതിനായി വകുപ്പിലെ അർഹരായ നോൺ ടെക്നിക്കൽ അറ്റൻഡർ/ക്ലാസ് IV ജീവനക്കാർ എന്നിവരിൽ നിന്നും തസ്തികമാറ്റ നിയമനത്തിനായി അപേക്ഷകൾ ക്ഷണിച്ചിരുന്നു. അർഹമായ അപേക്ഷകൾ പരിഗണിച്ച് വായന (4) ഉത്തരവ് പ്രകാരം വകുപ്പിലെ അർഹരായ നോൺ ടെക്നിക്കൽ അറ്റൻഡർ/ക്ലാസ് IV വിഭാഗത്തിലെ ജീവനക്കാരെ ട്രേഡ്സ്മാൻ തസ്തികയിലേക്ക് തസ്തിക മാറ്റം നിയമനം നല്കി ഉത്തരവായിരുന്നു .

**(2)**എന്നാൽ മൊഗ്രാൽപുത്തൂർ സർക്കാർ ടെക്നിക്കൽ ഹൈ സ്കൂളിലെ നൈറ്റ് വാച്ച് മാൻ ശ്രീ ഉദയകുമാർ കെ , ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ടിബ്യൂണലിൽ ഫയൽ ചെയ്ത OA (EKM) 934/2019 അപേക്ഷയിൽ 04.03.2021 ൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ടിബ്യൂണൽ ചുവടെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു

" The 2nd Respondent is directed to issue appropriate appointment orders to the applicant as Tradesman in Fitting Trade in accordance with the Special Rules and taking note of the date of Eligibility as 13.04.2017 . On issuance of appointment orders , the 2nd respondent shall revise/refix the appointments as per Annexure A 13 order in the Fitter Trade within a period of two months from the date of reciept of a copy of this order "

**(3)** മേൽ ഉത്തരവിൻറെ വെളിച്ചത്തിൽ Annexure A 13 (വകുപ്പിലെ അർഹരായ നോൺ ടെക്നിക്കൽ അറ്റൻഡർ/ക്ലാസ് IV ജീവനക്കാർ എന്നിവർക്ക് ട്രേഡ്സ്മാൻ തസ്തികയിലേക്ക് തസ്തിക മാറ്റ നിയമനം നൽകിയ ഉത്തരവ് ) പുന:ക്രമീകരിക്കേണ്ടതായി കാണുന്നു.

Draft #15 of File EB3/21408/19/DTE Approved by Senior Joint Director (ECS) on 06-Jun-2021 10:04 PM - Page 1

Draft #15 of File EB3/21408/19/DTE Approved by Senior Joint Director (ECS) on 06-Jun-2021 10:04 PM - Page 2

**(4)** മേൽ സാഹചര്യത്തിൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൻറെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഈ വകുപ്പിലെ അർഹരായ നോൺ ടെക്നിക്കൽ അറ്റൻഡർ/ക്ലാസ് IV വിഭാഗത്തിലെ ജീവനക്കാരെ ട്രേഡ്സ്മാൻ തസ്തികയിലേക്ക് തസ്തിക മാറ്റ നിയമനം നൽകുന്നതിനായി വായന (3) പ്രകാരം പുറപ്പെടുവിച്ച അന്തിമ മുൻ ഗണന പട്ടികയിലെ ഫിറ്റിങ് ട്രേഡിലെ പട്ടികയിൽ ശ്രീ ഉദയകുമാർ കെ യെ കൂടി ഉൾപ്പെടുത്തി ചുവടെ പറയും പ്രകാരം പുന ക്രമീകരിക്കുന്നു

ക്രമ നമ്പർ (2) ശ്രീ സജീവ് കുമാർ പി യുടെയും ക്രമ നമ്പർ (3) ശ്രീ സലീഷ് ബാബു ടി യുടെയും മദ്ധ്യേ ക്രമ നമ്പർ **2(A)** ആയി ശ്രീ ഉദയകുമാർ കെ യുടെ സ്ഥാനം നിജപ്പെടുത്തിയിരിക്കുന്നു.

**(5)** മേൽപറഞ്ഞ വായന (3) പ്രകാരം പുറപ്പെടുവിച്ച അന്തിമ മുൻ ഗണന പട്ടികയിൽ ശ്രീ ഉദയകുമാർ.കെ-യെ ഉൾകൊള്ളിച്ചതിൻറെ അടിസ്ഥാനത്തിൽ, ട്രേഡ്സ്മാൻ (ഫിറ്റിംഗ്) തസ്തികയിൽ ശ്രീ ഉദയകുമാർ കെ - യെ 1958 ലെ കേരള സ്റ്റേറ്റ് & സബ് ഓർഡിനേറ്റ് സർവീസ് റൂൾ 28 (b) (ii)ന്റെ വിധേയമായി ട്രേഡ്സ്മാൻ (ഫിറ്റിങ്) തസ്തികയിലേക്ക് 19000-43600 രൂപ (പരിഷ്കരണത്തിന് മുമ്പ്) ശമ്പള നിരക്കിൽ താഴെ പറയുന്ന സ്ഥപനത്തിലേക്ക് ഈ വകുപ്പിലെ ട്രേഡ്സ്മാൻ തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം നൽകി ഇതിനാൽ ഉത്തരവാകുന്നു.

| പേര്, സ്ഥാപനം | തസ്തികമാറ്റം നല്കി നിയമിച്ച സ്ഥാപനം |
|---|---|
| ശ്രീ.ഉദയകുമാർ കെ,<br>നൈറ്റ് വാച്ച് മാൻ,<br>സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ,<br>മൊഗ്രാൽപുത്തൂർ, കാസറഗോഡ്.<br>(PEN 679600) | സർക്കാർ ടെക്നിക്കൽ ഹൈ സ്കൂൾ , നെരുവംബ്രം , കണ്ണൂർ |

ശ്രീ ഉദയകുമാർ കെ, ബന്ധപ്പെട്ട സ്ഥാപന മേധാവി **മുൻപാകെ 21.06.2021 നോ അതിനു മുമ്പായോ** കൃത്യ നിർവഹണത്തിന് ഹാജരാകേണ്ടതാണ് .ബന്ധപ്പെട്ട സ്ഥാപമേധാവി ടി യാനെ ജോലിയിൽ പ്രവേശിപ്പിക്കുമ്പോൾ ടി യാൻറെ വിദ്യാഭ്യാസ യോഗ്യതയും, ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിരീക്ഷണ കാലം പൂർത്തിയാകിയിട്ടുണ്ടോ എന്നുള്ള വിവരങ്ങളും അസ്സൽ സർട്ടിഫിക്കറ്റും/ലഭ്യമായ രേഖകളും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ് ബന്ധപ്പെട്ട സ്ഥാപന മേധാവികൾ, ടി ജീവനക്കാരൻറെ വിടുതൽ / പ്രവേശന വിവരങ്ങൾ യഥാസമയം രേഖാമൂലം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

6) ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൻറെ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, Annexure A13 (വകുപ്പിലെ അർഹരായ നോൺ ടെക്നിക്കൽ അറ്റൻഡർ/ക്ലാസ് IV ജീവനക്കാർ എന്നിവർക്ക് ട്രേഡ്സ്മാൻ തസ്തികയിലേക്ക് തസ്തിക മാറ്റ നിയമനം നൽകിയ ഉത്തരവ് ) പുന:ക്രമീകരിക്കേണ്ടിവന്നതിനാൽ വായന (3) ഉത്തരവ് പ്രകാരം ട്രേഡ്സ്മാൻ ഫിറ്റിങ് തസ്തികയിൽ ക്രമ നം (2) പ്രകാരം നിയമിതനായ ശ്രീ സലീഷ്ബാബു ടി യുടെ നിയമനം റദ്ദ് ചെയ്യേണ്ട സാഹചര്യമാണ് ഉള്ളതെങ്കിലും , നിലവിൽ ട്രേഡ്സ്മാൻ ഫിറ്റിങ് തസ്തികയിൽ തസ്തിക മാറ്റ നിയമനത്തിനായി ഒഴിവ് നിലനിൽക്കുന്നു . ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൻറെ ഉത്തരവിൽ ചുവടെ പറയും പ്രകാരം കൂടി ഉത്തരവായിട്ടുണ്ട്
" It is made clear that in so far as the 3rd respondent has discharged the duties against the post of Tradesman , no recovery shall be effected on revision of seniority /reassignment of date of appointment "

മേൽ പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ , നിലവിൽ ട്രേഡ്സ്മാൻ ഫിറ്റിങ് തസ്തികയിൽ തസ്തിക മാറ്റ

നിയമനത്തിനായി ഒഴിവ് നിലനിൽക്കുന്നതിനാൽ , നിലനിൽക്കുന്ന ഒഴിവിൽ ശ്രീ സലീഷ് ബാബു ടി (PEN 640198) യെ ടി യാൻ ജോലി നോക്കി വരുന്ന പാല സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിലെ ട്രേഡ്സ്മാൻ ഫിറ്റിങ് തസ്തികയിൽ നിലനിർത്തി കൊണ്ടും കൂടി ഇതിനാൽ ഉത്തരവാകുന്നു

**ഇപ്രകാരം ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൻറെ O.A. No.934/2019 കേസിൻമേലുള്ള 04.03.2021 -ലെ വായന (2) പ്രകാരമുള്ള വിധി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.**

**ശ്രീ ഉദയകുമാർ കെ യുടെ നെരുവംബ്രം സർക്കാർ ടെക്നിക്കൽ ഹൈ സ്കൂളിലേക്കുള്ള നിയമനം 2021 വർഷത്തെ പൊതു സ്ഥലം മാറ്റവുമായി ബന്ധപ്പെട്ടു ലഭിക്കുന്ന അപേക്ഷകളുടെ അർഹതയുടെ അടിസ്ഥാനത്തിൽ സ്ഥലം മാറ്റത്തിന് വിധേയമായിരിക്കുന്നതാണ്**

ഒപ്പ് /-

ഡോ. സിസ തോമസ്
സീനിയർ ജോയിൻറ് ഡയറക്ടർ (ഇ സി എസ്)

സ്വീകർത്താവ്

1. ശ്രീ.ഉദയകുമാർ.കെ, നൈറ്റ് വാച്ച് മാൻ, സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ, മൊഗ്രാൽപുത്തൂർ, കാസറഗോഡ്.
2. സൂപ്രണ്ട്, സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ, മൊഗ്രാൽപുത്തൂർ, കാസറഗോഡ്.
3. സൂപ്രണ്ട്, സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ, നെരുവംബ്രം,കണ്ണൂർ .
4. ശ്രീ സലീഷ് ബാബു ടി , ട്രേഡ്സ്മാൻ (ഫിറ്റിങ് ) , സർക്കാർ ടെക്നിക്കൽ ഹൈ സ്കൂൾ പാല
5. അഡ്വക്കേറ്റ് ജനറൽ, എറണാകുളം, കൊച്ചി - 682 031. (ആമുഖ കത്ത് സഹിതം).
6. അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ (എൽ ) വകുപ്പ്. (ആമുഖ കത്ത് സഹിതം)
7. ഫയൽ നം ഇബി 3/29231/2017
8. കരുതൽ ശേഖരം / ഫയൽ പകർപ്പ്.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Draft #15 of File EB3/21408/19/DTE Approved by Senior Joint Director (ECS) on 06-Jun-2021 10:04 PM - Page 3